# 2025-ITERO-F—ദൂത് അഞ്ച്—രഹസ്യത്തിലുള്ള തങ്ങളുടെ സ്വർഗീയ പിതാവിൽനിന്നും ഏതാനും രഹസ്യ ആസ്വാദനം ഉണ്ടായിരിക്കുന്നതിന് അവനെ ബന്ധപ്പെടുവാൻ സ്വകാര്യമായി പ്രാർഥിക്കുന്നതിന്റെ അനുഭവമുള്ള രാജ്യജനം

## രഹസ്യത്തിൽ

**I. "നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവെണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കുപ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു,രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും"**

- നമ്മുടെ സ്വകാര്യ മുറിയിലും നമ്മുടെ വാതിൽ അടച്ചകൊണ്ടും പ്രാർഥിക്കുന്നതിന്റെ അനുഭവം നമുക്ക് ആവശ്യമാണ്; നമ്മുടെ പിതാവ് രഹസ്യത്തിലായിരിക്കുകയും, അവൻ രഹസ്യത്തിൽ കാണുകയും ചെയ്യുന്നു; സ്വർഗീയ പിതാവിന്റെ മക്കളെന്ന നിലയിൽ രാജ്യജനം പിതാവിന്റെ രഹസ്യവും മറഞ്ഞിരിക്കുന്നതുമായ സാന്നിധ്യത്തിൽ ജീവിക്കുകയും അതിനായി കരുതുകയും വേണം.
- ശൂന്യമാക്കപ്പെട്ടതും താഴ്മയുള്ളതുമായ ആത്മാവിൽ ജീവിക്കുകയും രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻ കീഴിൽ ശുദ്ധവും ഏകാഗ്രവുമായ ഒരു ഹൃദയത്തിൽ നടക്കുകയും ചെയ്യുന്ന രാജ്യജനം, മനുഷ്യരുടെ പുകഴ്ചയ്ക്കായി ജഡത്തിൽ യാതൊന്നും ചെയ്യുവാൻ അനുവദിക്കപ്പെടുന്നില്ല, മറിച്ച് എല്ലാ കാര്യങ്ങളും അവരുടെ സ്വർഗീയ പിതാവിനെ പ്രസാദിപ്പിക്കുന്നതിനായി ആത്മാവിൽ ചെയ്യണം.
- രഹസ്യത്തിൽ നാം പ്രാർഥിക്കുന്നതിന്റെ ഫലം ജഡവും സ്വയവും കൊല്ലപ്പെടുന്നു എന്നതാണ്.
- നമുക്കെല്ലാവർക്കും ജീവനിൽ ഏതാനും രഹസ്യ വളർച്ചയും ഏതാനും രഹസ്യ ക്രിസ്താനുഭവങ്ങളും ആവശ്യമാണ്
- നാം വളരെയധികം പ്രാർഥിക്കണം, എന്നാൽ നാം എത്രമാത്രം പ്രാർഥിക്കുന്നുവെന്ന് മറ്റുള്ളവരെ അറിയിക്കരുത്
- നമ്മുടെ നീതിപ്രവൃത്തികളിൽ നാം നമ്മെത്തന്നെ പ്രദർശിപ്പിക്കുമ്പോഴെല്ലാം, നാം ആരോഗ്യമുള്ളവരല്ല
- ദൈവത്തിന്റെ ജീവൻ എല്ലായ്പോഴും മറഞ്ഞിരിക്കുന്നു; ഉള്ളിൽ ഒന്നും ഇല്ലാതെ ഒരു ബാഹ്യ പ്രകടനമുള്ള ഒരുവനാണ് ഒരു കപടഭക്തൻ
- നമ്മുടെ സ്വാഭാവിക ജീവനിൽ നമുക്കൊരിക്കലും രഹസ്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുവൻ കഴിയുകയില്ല

## സ്വകാര്യമായി

**II. സ്വകാര്യമായി പ്രാർഥിക്കുവാൻ കർത്താവ് മലയിലേക്ക് പോയതിൽ അവൻ ഒരു രഹസ്യ ജീവിതം നയിച്ചതിന്റെ മാതൃകയിൽനിന്നും നാം പഠിക്കേണ്ടതാവശ്യമാണ്**

- കർത്താവ് ജനക്കൂട്ടത്തോടൊപ്പം അത്ഭുതത്തിന്റെ അനന്തരഫലത്തിൽ തങ്ങിയില്ല, മറിച്ച് മലയിൽ പിതാവിനോടുകൂടെ സ്വകാര്യമായി പ്രാർഥനയിലായിരിക്കുവാൻ അവൻ അവരെ വിട്ടുപോയി
    - പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം ഉണ്ടായിരിക്കുന്നതിനായി തന്നെ വിട്ടുപോകുവാൻ കർത്താവ് ശിഷ്യന്മാരെ നിർബന്ധിച്ചു
- മൂന്ന് പദപ്രയോഗങ്ങൾ നാം വിലമതിക്കണം: പിതാവിനോടുകൂടെ ആയിരിക്കുവാൻ, മലമേൽ, പ്രാർഥനയിൽ
    - മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുന്നത് നല്ലതാണ്, എന്നാൽ പലപ്പോഴും നാം ഒറ്റയ്ക്ക് പ്രാർഥിക്കേണ്ടതാവശ്യമാണ്;

## ആഴത്തിൽ

**III. സങ്കീ 42:7 പറയുന്നു, "ആഴി ആഴിയെ വിളിക്കുന്നു"**

- നമ്മുടെ ആഴങ്ങളിൽ പുറപ്പെടുന്നവയോടു മാത്രമേ മറ്റുള്ളവർക്ക് ആഴത്തിൽ പ്രതികരിക്കുവാൻ കഴിയുകയുള്ളൂ; ആഴങ്ങളിൽ നിന്നല്ലാത്ത ഒന്നും ഒരിക്കലും മറ്റുള്ളവരുടെ ആഴങ്ങളിൽ എത്തുകയില്ല
- നമ്മുടെ ജീവിതത്തിന് ആഴമില്ലെങ്കിൽ, നമ്മുടെ ഉപരിപ്ലവമായ വേല മറ്റുള്ളവരുടെ ജീവിതങ്ങളെ ഉപരിപ്ലവമായി മാത്രമേ ബാധിക്കുകയുള്ളൂ; "ആഴം മാത്രമേ ആഴത്തെ വിളിക്കുന്നുള്ളൂ"; "താഴേക്ക് വേരൂന്നി മേലേക്ക് ഫലം കായ്ക്കുവാൻ" കഴിയുന്ന ഒരു ജീവിതമാണ്
- ഒരു വശത്ത്, നല്ല നിലമായ നമ്മുടെ ഹൃദയമെന്ന മണ്ണിൽ ആഴത്തിൽ വേരുന്നുവാൻ ജീവന്റെ വിത്തായ ക്രിസ്തുവിനെ നാം അനുവദിക്കണം; മറുവശത്ത്, ക്രിസ്തുവിൽ ജീവനുള്ള സസ്യങ്ങളെന്ന നിലയിൽ, നല്ലദേശത്തിന്റെ യാഥാർഥ്യമായ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവെന്ന മണ്ണിൽ നാം ആഴത്തിൽ വേരൂന്നേണ്ടതുണ്ട്
    - അവനെ ആഗിരണം ചെയ്യുവാൻ (പ്രത്യേകിച്ച് രാവിലെ അവനോടുകൂടെയുള്ള നമ്മുടെ സമയങ്ങളിൽ) നാം സമയമെടുക്കേണ്ടതാവശ്യമാണ്
- തന്റെ ആളത്തത്തിന്റെ ആഴത്തിൽ ഒന്നുമില്ലാത്ത ക്രിസ്ത്യാനിക്ക് വേരില്ല;
- വേരില്ലാതിരിക്കുകയെന്നാൽ മറഞ്ഞിരിക്കുന്ന നിധിയോ, മറഞ്ഞിരിക്കുന്ന ജീവിതമോ, മറഞ്ഞിരിക്കുന്ന അനുഭവങ്ങളോ ഇല്ലാതിരിക്കുക എന്നാണ്; നമ്മുടെ ചില അനുഭവങ്ങൾ മറയ്ക്കപ്പെട്ടിരിക്കേണ്ടത് അനിവാര്യമാണ്; സകലവും അനാവരണം ചെയ്യുന്നത് സകലവും നഷ്ടപ്പെടുത്തുന്നതാണ്

## നാം ക്രിസ്തുവിന്റെ സ്വകാര്യ ആസ്വാദനം ആയിത്തീരണം

**IV. ആഴങ്ങളിലുള്ള ഒരു ജീവിതം നയിക്കുന്നതിന്, കർത്താവുമായി നേരിട്ടും അടുപ്പമുള്ളതുമായ കൂട്ടായ്മ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്; ഉത്തമഗീതം 4:12**

- അവളുടെ ആത്മിക പുരോഗതിയുടെ ഈ ഘട്ടത്തിൽ, കർത്താവിന്റെ സ്നേഹാന്വേഷക ക്രിസ്തുവിന്റെ സ്വകാര്യ സംതൃപ്തിക്കുള്ള ഒരു തോട്ടമായിത്തീർന്നിരിക്കുന്നു.
- അവൾ ഒരു തുറന്ന തോട്ടമല്ല, മറിച്ച് കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടമാണ്; അവൾക്കുള്ളതെല്ലാം അവളുടെ പ്രിയതമന്റെ സന്തോഷത്തിനുവേണ്ടിയാണ്, മറ്റാർക്കും വേണ്ടിയല്ല
- ആഴത്തിൽ വേരൂന്നുവാനും ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുവാനും നമുക്ക് കഴിയത്തക്കവണ്ണം കർത്താവ് നമുക്ക് കൃപ നൽകുകയും ക്രൂശിലൂടെ നമ്മിൽ ആഴത്തിലുള്ള ഒരു പ്രവൃത്തി ചെയ്യുകയും ചെയ്യട്ടെ